# പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3661 19/02/2013 - ൽ മറുപടിക്ക്

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| ഈ സർക്കാർ അധികാരമേറ്റ ശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ ? | ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു.<br><br>1. ഏഴോം പഞ്ചായത്തിലെ കോട്ടക്കീൽ മത്സ്യബന്ധന കേന്ദ്രം റോഡിന്റെ നവീകരണ പ്രവൃത്തിയ്ക്ക് 54 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. ടി പ്രവൃത്തിക്ക് 62 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>2. പട്ടുവം പഞ്ചായത്തിലെ അരിയിൽ ധർമ്മക്കിണർ മുള്ളൂൽ റോഡിന്റെ നവീകരണ പ്രവൃത്തിയ്ക്ക് 49 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയ്ക്ക് കരാർ വച്ച് പണി പുരോഗമിച്ചു വരുന്നു. |

3. 3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കല്ല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവ് ശ്രീ മുത്തപ്പൻ ക്ഷേത്രം ഇരിണാവ് പാലം റോഡിന്റെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചു.
4. 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഏഴോം ഗ്രാമ പഞ്ചായത്തിലെ കോട്ടക്കീൽ മത്സ്യബന്ധന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ